(ബി) ഇതിൽ ഏതെല്ലാം ഇനത്തിൽ എത്ര വാഹനങ്ങൾ വീതം ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്;

(സി) പുതിയ വാഹനങ്ങൾ ഉൾപ്പെടെ ആകെ എത്ര വാഹനങ്ങൾ തിരുവനന്തപുരം കോർപ്പറേഷന് സ്വന്തമായുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭ 41 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇനം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

1.	25 എച്ച്.പി.എച്ച്.എം.ടി ട്രാക്ടർ വിത്ത് കണ്ടെയിനർ സിസ്റ്റം	:	20 എണ്ണം
2.	35 എച്ച്.പി.എച്ച്.എം.ടി ട്രാക്ടർ വിത്ത് കണ്ടെയിനർ ലോഡർ	:	5 എണ്ണം
3.	35 എച്ച്.പി.എച്ച്.എം.ടി ട്രാക്റ്റർ വിത്ത് വാകം എംടിയർ	:	3 എണ്ണം
4.	ബജാജ് ടെമ്പോ ട്രാവലർ	:	1 എണ്ണം
5.	ജെ.സി.ബി. എസ്കവേറ്റർ	:	2 എണ്ണം
6.	ലൈലാന്റ് ടിപ്പർ ലോറി ചെയ്സിസ്സുകൾ	:	5 എണ്ണം
7.	മഹീന്ദ്രാ ആന്റ് മഹീന്ദ്രാ ജീപ്പ്	:	1 എണ്ണം
8.	ജീപ്പ്	:	1 എണ്ണം
9.	ട്രെയിലർ	:	1 എണ്ണം
10.	മഹീന്ദ്രാ കമാണ്ടർ ജീപ്പ്	:	2 എണ്ണം

വാഹനങ്ങൾ വാങ്ങിയ വകയിൽ 3,03,82,459/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ വാഹനങ്ങളും ഇപ്പോൾ ഉപയോഗത്തിലുണ്ട്.

(സി) പുതിയ വാഹനങ്ങൾ ഉൾപ്പെടെ തിരുവനന്തപുരം നഗരസഭയ്ക്ക് 97 വാഹനങ്ങൾ സ്വന്തമായുണ്ട്. വാഹനങ്ങളുടെ നമ്പർ ഉൾപ്പെടെ ഇനം തിരിച്ച് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

133 (690) ജനകീയാസൂത്രണപദ്ധതി നടത്തിപ്പിന് ചെലവായ തുക

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. സി. മൊയീൻ കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനകീയാസൂത്രണ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും പദ്ധതി നടത്തിപ്പിനായി ഓരോ വർഷവും എന്തു തുക അനുവദിച്ചു നൽകിയിരുന്നു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും ഓരോ തലത്തിലും ചെലവഴിച്ച തുക എത്ര യെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(ബി) വിവരം ശേഖരിച്ചുവരുന്നു.

134 (691) ജനകീയാസൂത്രണ കർമ്മസമിതി യോഗത്തിൽ പങ്കെടുക്കുന്നതിനുള്ള ഡ്യൂട്ടി ലീവ്

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടികളുടെ കർമ്മസമിതി അംഗങ്ങളായ സർക്കാർ/പൊതുമേഖലാ ഉദ്യോഗസ്ഥർക്ക് സമിതിയോഗത്തിൽ പങ്കെടുക്കുന്നതിന് ഡ്യൂട്ടി ലീവ് അനുവദിക്കണമെന്ന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതനുസരിച്ച് ഡ്യൂട്ടി ലീവ് അനുവദിച്ചു നല്കുന്നില്ലെന്ന് ഗവണ്മെന്റിന് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) കണ്ണൂർ കെൽട്രോൺ കമ്പനിയിലെ ജീവനക്കാരായ എം. രവീന്ദ്രനാഥന് കർമ്മസമിതി യോഗത്തിൽ പങ്കെടുക്കുന്നതിനുള്ള ഡ്യൂട്ടി ലീവ് അനുവദിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച പരാതിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഡ്യൂട്ടി ലീവ് സംബന്ധിച്ച ഉത്തരവ് നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി)&(ഇ) സർക്കാരിന്റെ പരിഗണനയിലാണ്.

135 (692) ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

ശ്രീ. ടി.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കല്യാശ്ശേരി പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ളിപ്തം നം. സി. 1462-ന് ജനകീയാസൂത്രണ പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ പ്രത്യേക അനുമതി നൽകണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

17.12.1999 ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (629) ദയവായി കാണുക.

Sl.No.	Recommendation
1.	Extension of maternity leave to six months
2.	Amendment relating payment of maximum amount of maintenance under sections 125 & 127 in Cr.P.C.
3.	Problems being faced by the ladies in buses
4.	Amendment to Section 6 of Hindu Minority and Guardianship Act 1956.
5.	Appointment of women in Higher Posts
6.	Amendment to Dowry Prohibition Act
7.	Providing of sufficient toilet facilities to girl students in schools
8.	Improving the facilities in Government Hospitals in Thiruvananthapuram
9.	Amendment to Laws concerning Rape
10.	Domestic violence (Prevention) Bill 1994.
11.	Problems being faced by the lady teachers in unaided schools
12.	Amendment to Laws regarding family pension
13.	Problems faced by the women in fish processing Units
14.	Enforcement of all rules relating to production and sale of liquor.

അനുബന്ധം IV

17.12.1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (690) ദയവായി കാണുക.

1997-98, 1998-99, 1999-2000 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

	രൂപ കോടിയിൽ		
പഞ്ചായത്ത്	1997-98	1998-99	1999-2000
ഗ്രാമപഞ്ചായത്തുകൾ	420.49	549.54	595.01
ബ്ലോക്ക് പഞ്ചായത്തുകൾ	108.70	135.02	144.41
ജില്ലാ പഞ്ചായത്തുകൾ	123.94	142.67	148.39

LIBRARY ARCHIVES Kerala Legislative Assembly